(സി) അനധികൃത ഭക്ഷണശാലകൾ വ്യാപകമായി കേരളത്തിൽ ഉണ്ടെന്നും ഇവക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സെക്കന്റ് ഫ്ളോർ, കെ. എച്ച്. ആർ. എ. ഭവൻ, എം. ജി. റോഡ് കൊച്ചി പരാതി നൽകിയിട്ടുണ്ട്. കേരളത്തിൽ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ നിരോധിക്കണമെന്ന ആവശ്യമാണ് ഇവർ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ മനഃശാസ്ത്ര ചികിത്സാ ഒ. പി. വിഭാഗം പ്രവർത്തിക്കുന്നതിനുള്ള നടപടി

105 [562] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കാതിരിക്കുന്ന മനഃശാസ്ത്ര ചികിത്സാ ഒ. പി. വിഭാഗം പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഒ. പി. എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ മനഃശാസ്ത്ര വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ മനഃശാസ്ത്ര ഒ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മനഃശാസ്ത്ര ചികിത്സാ വിഭാഗം മഞ്ചേരി ജില്ലാ ആശുപത്രിയിൽ മാത്രമാണുള്ളത്.

എയ്ഡ്സ് ബാധിതരായ കുട്ടികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

106 [563] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എയ്ഡ്സ് ബാധിതരായ ബൻസൺ, ബെൻസി എന്നീ സഹോദരങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ആരോഗ്യ വകുപ്പിൽ നിന്നും നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുട്ടികളുടെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി എപ്രകാരമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ കുട്ടികൾക്ക് എയ്ഡ്സ് രോഗത്തിനുള്ള സൗജന്യ ചികിത്സ, ലാബ് പരിശോധന, മരുന്നുകൾ, പോഷകാഹാരങ്ങൾ നൽകുക തുടങ്ങിയവ ജില്ലാ മെഡിക്കൽ ഓഫീസിലെ ഫീൽഡ് വിഭാഗം ജീവനക്കാർ നടത്തുന്നു. കൂടാതെ ജില്ലാതല ഓഫീസർമാർ വീട് സന്ദർശിച്ച് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നു. അതോടൊപ്പം റിട്ടയേർഡ് പീഡിയാട്രിക് പ്രൊഫസർ ഡോ. നോയൽ നാരായണൻ കുട്ടികൾക്ക് പ്രതിമാസ പരിശോധന നടത്തുന്നു. പുറമെ അത്യാവശ്യ ചികിത്സ ആവശ്യമുള്ളപ്പോൾ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് വിഭാഗം മേധാവിയുടെ സേവനം ലഭ്യമാക്കുന്നുണ്ട്. എ. ആർ. ടി. വിഭാഗത്തിലെ പരിശോധന കഴിഞ്ഞ് ആവശ്യമായ മരുന്ന് സൗജന്യമായി നൽകുന്നു. അവസരോചിത രോഗങ്ങൾക്ക് ആദിച്ചനല്ലൂർ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ശിശുരോഗ വിദഗ്ധർ തുടങ്ങിയവർ പരിശോധിച്ച് മരുന്ന് നൽകുന്നു. കൂടാതെ എല്ലാ മാസവും ജില്ലാ ആശുപത്രിയിലെ ലാബിൽ ആവശ്യമായ പരിശോധനകൾ നടത്തുകയും വർഷത്തിൽ 2-3 പ്രാവശ്യം സി. ഡി.-4 ടെസ്റ്റ് നടത്തുകയും ചെയ്യുന്നുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ തുക ഹിന്ദുസ്ഥാൻ ലാറ്റക്സ് കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് നൽകുന്നുണ്ട്.

(ബി) കുട്ടികളുടെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി തൃപ്തികരമാണ്.

തൃശൂർ മെഡിക്കൽ കോളേജ് ടൗണിൽ നിന്നും മാറ്റുന്നതിനുള്ള നടപടി

107 [564] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി ടൗണിൽ നിന്ന് മുളംകുന്നത്ത് കാവിലേക്ക് മാറ്റുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് മാറ്റം യാഥാർത്ഥ്യമായതോടെ ഇപ്പോഴത്തെ ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോഴത്തെ ജില്ലാ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം, ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് കെട്ടിടത്തിലേക്ക് മാറുമ്പോൾ പ്രസവ ആശുപത്രിയായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് പറയാമോ;

(ഡി) തൃശൂരിൽ മുൻപ് ഉണ്ടായിരുന്നതുപോലെ ജില്ലാആശുപത്രിയും, പ്രസവ ആശുപത്രിയും ഈ വിധത്തിൽ രണ്ട് ആശുപത്രികളായി പ്രവർത്തിപ്പിക്കുന്നതിനല്ലേ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി ടൗണിൽ നിന്ന് മുളംകുന്നത്ത് കാവിലേക്ക് ഇതിനോടകംതന്നെ മാറ്റിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly